**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3264 — 18.10.2016 -ൽ മറുപടിക്ക്

## ഉത്തരവാദിത്ത ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. സി.കെ. ശശീന്ദ്രൻ<br>ശ്രീ. ആർ. രാജേഷ് | ശ്രീ. എ.സി. മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) ഉത്തരവാദിത്ത ടൂറിസം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിയ്ക്കുന്നതിന്റെ ഭാഗമായി പ്രത്യേക മിഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) ഇതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) ഹൗസ് ബോട്ടുകൾ, ആയുർവ്വേദ സെന്ററുകൾ, ഹോം സ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയവയ്ക്ക് ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിയ്ക്കുന്നുണ്ടോ; | ബി) ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ സിസ്റ്റം നിലവിൽ നടപ്പാക്കി വരുന്നു. ഇത് ടൂറിസം രംഗത്തെ എല്ലാ സേവന ദാതാക്കളിലേക്കും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. |
| സി) സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി | സി) സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ |

സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഭാഗമായി 'സുഗമ സഞ്ചാരം' എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിലൂടെ ഭിന്നശേഷിക്കാരായവർക്ക് ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി ടൂറിസം സെന്ററുകൾ, ഹൗസ് ബോട്ടുകൾ അടക്കമുള്ള സൗകര്യങ്ങൾ ഇവർക്കും കൂടി അനുഭവവേദ്യമാക്കി സുഗമ സഞ്ചാരം ഉറപ്പ് വരുത്തുകയാണ് ലക്ഷ്യ മിടുന്നത്.

സെക്ഷൻ ഓഫീസർ